**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ നല്ലേപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3(1)(2)(3)(4)(5) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,05,150/- (ഒരു ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി അൻപത് രൂപ മാത്രം)രൂപ, ഖണ്ഡിക 3(7) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 68,530/- (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം)രൂപ, 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 48,04,128/- (നാല്പത്തി എട്ട് ലക്ഷത്തി നാലായിരത്തി ഒരുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) രൂപ, ഖണ്ഡിക 3(8) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 74,242/- (എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം)രൂപ, ഖണ്ഡിക 3(10) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 13,252/- (പതിമൂന്നായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) രൂപ, ഖണ്ഡിക 3(12) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,06,118/-(ഒരു ലക്ഷത്തി ആറായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) രൂപ, ഖണ്ഡിക 3(13)പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,18,000/- (രണ്ട് ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) രൂപ, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.1 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,40,348/- (രണ്ട് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി നാല്പത്തി എട്ട് രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.2977/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 23.11.2018

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 6.06.2015 ലെ എം3-31810/14 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24.03.2018-ലെ കെ.എസ്.എ.9593/പി.റ്റി2/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3(1)(2)(3)(4)(5) പ്രകാരം വിവിധ റോഡുകൾ റീമെറ്റലിംഗ് നടത്തുന്നതിന് പകരം മെറ്റലിംഗ് പ്രവൃത്തി നടത്തിയതുവഴി അധികം ചെലവായ 1,05,150/- രൂപയുടെയും തനതുവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം തെരുവ് വിളക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കാത്തതിനാലും പണം നൽകിയതിന്റെ രസീത്, ക്യാഷ്ബിൽ എന്നിവ ഹാജരാക്കാത്തതിനാലും സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗവിവരം രേഖപ്പെടുത്താത്തതിനാലും ഈയിനത്തിൽ ചെലവായ 68,530/-രൂപയുടെയും 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം വളം വിതരണം ചെയ്യുന്നതിന്

മാത്രമായി പദ്ധതികൾ ഉണ്ടാക്കാൻ പാടില്ലെന്നിരിക്കെ സമഗ്രനെൽകൃഷി വികസനം എന്ന പദ്ധതിയിൽ കളനാശിനി, കീടനാശിനി, രാസവളം എന്നിവ മാത്രം ഉൾപ്പെടുത്തി ചെലവു ചെയ്ത 48,04,128/- രൂപയുടെയും അതേ വർഷം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം കുറ്റിപ്പള്ളം അംഗൻവാടി നിർമ്മാണത്തിനായി തുക ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ 74,242/- രൂപയുടെയും പ്രസ്തുത വർഷത്തിലെ തന്നെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരം തെരുവ് വിളക്കുപകരണങ്ങൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതു വഴി അധികരിച്ച് ചെലവഴിച്ച 13,252/-രൂപയുടെയും, ടി വർഷത്തെ തന്നെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(12) പ്രകാരം എസ്.സി. കോളനികൾക്ക് നൽകിയ ടെലിവിഷനുകൾ റിപ്പയർ എന്ന പദ്ധതിക്കായി തുക ചെലവഴിച്ചതിന്റെ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് ചെലവഴിച്ച 1,06,118/-രൂപയുടെയും തനതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) പ്രകാരം ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ആവശ്യമായ യാതൊരു രേഖകളും സൂക്ഷിക്കാതെ 120 ടാപ്പുകളുടെ വെള്ളക്കരമായി വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുക ഒടുക്കിയതു പ്രകാരം ചെലവായ 2,18,000/- രൂപയുടെയും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.1 പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ സാധനസാമഗ്രികൾ ക്രമപ്രകാരമല്ലാതെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച് വാങ്ങിയതിനാലും സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലും ടി ആവശ്യത്തിന് ചെലവഴിച്ച 2,40,348/- രൂപയുടെയും ചെലവുകൾ തടസ്സപ്പെടുത്തിയിരുന്നു. ആയതിനെ തുടർന്ന് ടി പരാമർശങ്ങൾ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) മുഖേന അനുകൂല ശിപാർശയോടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ശേഷം സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും പരാമർശം (2) മുഖേന ആയത് സർക്കാരിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**2.** സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06 റിപ്പോർട്ട് ഖണ്ഡിക 3.3(1)(2)(3)(4)(5) സംബന്ധിച്ച് നഷ്ടത്തുക ഈടാക്കാൻ ചുമതലപ്പെടുത്തിയിരുന്ന സെക്രട്ടറി മരണപ്പെട്ടതിനാലും തുക ഈടാക്കാൻ ഭരണസമിതി നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും ഖണ്ഡിക 3.3(1)(2)(3)(4)(5) പ്രകാരമുള്ള തടസ്സവാദത്തിന് സാധൂകരണം നൽകുന്നതിന് നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.09.2014 ലെ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവയിൻമേൽ സർക്കാരിന് യുക്തമായ തീരുമാനം സ്വീകരിക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. അതോടൊപ്പം ഇതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) സംബന്ധിച്ച് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിലാണ് തുക തടസ്സപ്പെടുത്തിയിട്ടുള്ളതും ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതും എന്നും പ്രാദേശിക പരിശോധന വേളയിലും രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും 26.09.2014 ലെ 15(10) നമ്പർ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, 09.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 42-ാം നമ്പർ തീരുമാനം എന്നിവയിൽ ഉത്തരവാദിയായ മുൻസെക്രട്ടറി ശ്രീ. അബൂബക്കർ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഖണ്ഡിക പ്രകാരമുള്ള

തടസ്സവാദത്തിൻമേൽ സർക്കാരിന് യുക്തമായ തീരുമാനം സ്വീകരിക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(1) സംബന്ധിച്ച് പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(13)നമ്പർ തീരുമാനം, 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 43-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് ടി ചെലവിന് സാധൂകരണം നൽകാവുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ഒപ്പം ഇതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) സംബന്ധിച്ച്, ചെലവ് തുകയുടെ വൗച്ചറുകൾ, എം. ബുക്ക് എന്നിവ ലഭ്യമായിട്ടില്ലെങ്കിലും പ്രവൃത്തി നല്ലരീതിയിൽ പൂർത്തീകരിച്ചതിനാലും അംഗനവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാലും പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(15) നമ്പർ തീരുമാനം, 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 45-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും ടി ചെലവിന് സാധൂകരണം നൽകുന്നതിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. അതോടൊപ്പം ഇതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) സംബന്ധിച്ച്, പ്രസ്തുത ഖണ്ഡികയിൽ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടതിനാൽ സർചാർജ് നടപടികൾ അവസാനിപ്പിച്ച് തുക ഭരണതല നടപടികളിലൂടെ ഈടാക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ശിപാർശ ചെയ്തിരുന്നെങ്കിലും നാളിത് വരെ വ്യക്തമായ മറുപടി നൽകുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. അബൂബക്കർ മരണപ്പെട്ടതിനാൽ ടി ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. കൂടാതെ ഇതേ വർഷത്തെ തന്നെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(12) സംബന്ധിച്ച് എസ്.സി. കോളനികൾക്ക് നൽകിയ ടെലിവിഷനുകൾ റിപ്പയർ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട രേഖ, ക്യാഷ്ബിൽ എന്നിവ ഹാജരാക്കാത്തതിനാൽ ചെലവു രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നല്കുന്ന വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം, 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 42-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് യുക്തമായ തീരുമാനം സർക്കാരിന് കൈക്കൊള്ളാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. മാത്രവുമല്ല ഇതേ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) സാധൂകരണം സംബന്ധിച്ച് നിലവിൽ സംയുക്ത പരിശോധന നടത്തി വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ചും ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(19)നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 9.12.2014 ലെ 49-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 ലെ റിപ്പോർട്ട് ഖണ്ഡിക 3.2.1 സംബന്ധിച്ച്, നാട്ടുകാരുടെ ദീർഘകാല പരാതികൾക്ക്

പരിഹാരമായാണ് പദ്ധതിയ്ക്ക് തനത്ഫണ്ടിൽ നിന്നും ചെലവ് നടത്തേണ്ടിവന്നതെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(20)-ാം നമ്പർ തീരുമാനം, 9.12.2014 ലെ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 34-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**3.** സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

i) ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06 ലെ റിപ്പോർട്ട് ഖണ്ഡിക 3.3(1)(2)(3)(4)(5) പ്രകാരമുള്ള തടസ്സവാദത്തിന് സാധൂകരണം നൽകുന്നതിന് നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.09.2014 ലെ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ചും, യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാമെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3(1)(2)(3)(4)(5) പ്രകാരമുള്ള 1,05,150/-(ഒരു ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയുടെ ചെലവിന്റെ തടസ്സപ്പെടുത്തൽ സാധൂകരിച്ച് സർക്കാർ ഉത്തരവാകുന്നു.

ii) ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06 ലെ റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരമുള്ള തടസ്സം സാധൂകരിക്കുന്നതിന് 26.09.2014 ലെ 15(10)-ാം നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം, 09.12.2014 ലെ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 42-ാം നമ്പർ തീരുമാനം എന്നിവയിൽ ഉത്തരവാദിയായ മുൻസെക്രട്ടറി ശ്രീ. അബൂബക്കർ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും ഖണ്ഡിക പ്രകാരമുള്ള തടസ്സവാദത്തിൻമേൽ സർക്കാരിന് യുക്തമായ തീരുമാനം സ്വീകരിക്കാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 68,530/- (അറുപത്തി എട്ടായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

iii) ഓഡിറ്റ് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരമുള്ള തടസ്സപ്പെടുത്തലിന് സാധൂകരണം നൽകുന്ന കാര്യത്തിൽ പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(13)-ാം നമ്പർ തീരുമാനം, 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 43-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണം നൽകുന്ന കാര്യത്തിൽ യുക്തമായ നടപടി സർക്കാർതലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 48,04,128/- (നാല്പത്തി എട്ട് ലക്ഷത്തി നാലായിരത്തി ഒരുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി

സർക്കാർ ഉത്തരവാകുന്നു.

**iv)** ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരമുള്ള തടസ്സപ്പെടുത്തൽ സാധൂകരിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ പ്രവൃത്തി നല്ല രീതിയിൽ പൂർത്തീകരിച്ചു എന്നും അംഗനവാടി നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നും ഉള്ള പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(15)-ാം നമ്പർ തീരുമാനം, 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 45-ാം നമ്പർ തീരുമാനം എന്നിവ കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 74,242/- (എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

**v)** ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരമുള്ള തടസ്സപ്പെടുത്തൽ സാധൂകരിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ പ്രസ്തുത ഖണ്ഡികയിൽ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക ഒടുക്കിയിട്ടില്ലെന്നും ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. അബൂബക്കർ മരണപ്പെട്ടതിനാൽ ടി ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലും സാധൂകരണം ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(17)-ാം നമ്പർ തീരുമാനത്തിന്റെയും 9.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ സാധൂകരണം അനുവദിക്കണമെന്ന 47-ാം നമ്പർ ശിപാർശയുടെയും പശ്ചാത്തലത്തിലും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 13,252/- (പതിമൂന്നായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

**vi)** ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(12) പ്രകാരമുള്ള തടസ്സപ്പെടുത്തൽ സാധൂകരിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ചെലവു രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം, 09.12.2014 ലെ ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 42-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണം നൽകുന്ന കാര്യത്തിൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(12) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 1,06,118/-(ഒരു ലക്ഷത്തി ആറായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

**vii)** ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ലെ റിപ്പോർട്ട് ഖണ്ഡിക 3(13) പ്രകാരമുള്ള തടസ്സപ്പെടുത്തൽ സാധൂകരണം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ നിലവിൽ സംയുക്ത പരിശോധന നടത്തി

വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ചും ഉത്തരവാദിയായ സെക്രട്ടറി മരണപ്പെട്ടതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(19)-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 09.12.2014 ലെ 49-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണം നൽകുന്ന വിഷയത്തിൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 2,18,000/- (രണ്ട് ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

**viii)** ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 റിപ്പോർട്ട് ഖണ്ഡിക 3.2.1 പ്രകാരമുള്ള തടസ്സപ്പെടുത്തലിന് സാധൂകരണം നൽകുന്ന കാര്യത്തിൽ നാട്ടുകാരുടെ ദീർഘകാല പരാതികൾക്ക് പരിഹാരമായാണ് പദ്ധതിക്ക് തനതുഫണ്ടിൽ നിന്നും ചെലവ് നടത്തേണ്ടിവന്നതെന്ന പഞ്ചായത്തിന്റെ മറുപടി, പഞ്ചായത്ത് കമ്മിറ്റിയുടെ 26.09.2014 ലെ 15(20)-ാം നമ്പർ തീരുമാനം, 09.12.2014 ലെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 34-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും സാധൂകരണം നൽകുന്ന കാര്യത്തിൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 2007-08 വർഷത്തെ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.1 പ്രകാരമുള്ള 2,40,348/- (രണ്ട് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി നാല്പത്തി എട്ട് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**